# പതിനാലാം കേരള നിയമസഭ
## (അഞ്ചാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:744** **27.04.2017-ൽ മറുപടിയ്ക്ക്**

**ഫിഷർമെൻ കോളനികളുടെ നവീകരണം**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | മറുപടി<br>ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) ഫിഷർമെൻ കോളനികളുടെ നവീകരണത്തിന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്; | എ) ഫിഷർമെൻ കോളനികളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് സഹായത്തോടെയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2016-17) എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഫിഷർമെൻ കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, ഭവന നിർമ്മാണം / ഭവന നവീകരണം എന്നിവയ്ക്കുള്ള ധനസഹായ പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| ബി) ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും നിലവിലുള്ള തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | ബി) 2016 - 17 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും ഭവന പുനരുദ്ധാരണത്തിന് 50,000/- രൂപ വീതവുമാണ് ധന സഹായമായി അനുവദിച്ചത്. എന്നാൽ 2017 - 18 സാമ്പത്തിക വർഷ ത്തിൽ ഭവന നിർമ്മാണത്തിന് 3.50 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. |
| സി) വാടാനപ്പള്ളി ഫിഷർമെൻ കോളനിയിലെ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി കൈക്കൊള്ളുമോ? | സി) 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന ഫിഷർമെൻ കോളനി നവീകരണ പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണം / ഭവന നവീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് വാടാനപ്പള്ളി ഫിഷർമെൻ കോളനിയെ തെരഞ്ഞെടുത്തിരുന്നു. ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും ഭവന നിർമ്മാണ ധനസഹായം 4 ലക്ഷം രൂപയാക്കി ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് കോളനി നിവാസികൾ അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷർമെൻ കോളനി നവീകരണ പദ്ധതി ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ല. |

**സെക്ഷൻ ആഫീസർ**